(സി) ദുരന്തത്തിന് കാരണം സർക്കാരിന്റെയും ദേവസ്വം ബോർഡിന്റെയും അനാസ്ഥയാണെന്ന വാർത്ത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) ഇതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മുമ്പും സംബന്ധിച്ച് ചില പ്രതികരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇല്ല. ശബരിമല, പമ്പ, നിലയ്ക്കൽ, പരമ്പരാഗത പാതകൾ, ഇടത്താവളങ്ങൾ, എരുമേലി എന്നിവിടങ്ങളിലെല്ലാം വെളിച്ചവും കുടിവെള്ളവും ഏർപ്പെടുത്തിയിട്ടുണ്ട്. പുല്ലുമേട് പോലെ പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിനുള്ളിലുള്ള വനപ്രദേശത്ത് കർശനമായ വനനിയമങ്ങൾ പ്രാബല്യത്തിലുണ്ട്.

(സി&ഡി) വ്യത്യസ്തങ്ങളായ പല പ്രതികരണങ്ങളും മാദ്ധ്യമങ്ങളിൽ വന്നു. പുല്ലുമേട് പോലെയുള്ള പെരിയാർ കടുവ സംരക്ഷണ കേന്ദ്രത്തിനുള്ളിലെ വനപ്രദേശത്ത് മറ്റിടങ്ങളിലേതുപോലെയുള്ള തീർത്ഥാടന സൗകര്യങ്ങൾ ഒരുക്കുവാൻ വനനിയമങ്ങൾ മൂലം പരിമിതികളുണ്ട്. ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഉണ്ടാകാതിരിക്കാൻ എന്തുനടപടികൾ സ്വീകരിക്കണമെന്നതടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു.

പുല്ലുമേട് ദുരന്തം ആവർത്തിക്കാതിരിക്കാൻ നടപടി

215(423) ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മകരജ്യോതി ദർശിക്കാനെത്തിയ 102 ഭക്തർ മരണപ്പെട്ടത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരം ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) തീർത്ഥാടന സൗകര്യങ്ങൾ വർദ്ധിപ്പിച്ചും പോലീസ് സഹായം ആവശ്യത്തിന് നൽകിയും ഇത്തരം തീർത്ഥാടന കേന്ദ്രങ്ങളിൽ ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ ഉണ്ടാകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശബരിമല മകരവിളക്കുദിവസമായ ജനുവരി14-ന്രാത്രി ഏകദേശം 8.15 മണിയോടെയാണ് പെരിയാർ കടുവസംരക്ഷണ കേന്ദ്രത്തിലുൾപ്പെട്ട വന പ്രദേശമായ പുല്ലുമേട്ടിൽ 102 ശബരിമല തീർത്ഥാടകരുടെ മരണത്തിനിടയാക്കിയ വലിയ ദുരന്തം സംഭവിച്ചത്. ഏകദേശം ഒന്നര ലക്ഷം ഭക്തർ ദുരന്തമുണ്ടായ ദിവസം പുല്ലുമേട്ടിൽ എത്തിയതായി കണക്കാക്കപ്പെടുന്നു. മുൻ വർഷങ്ങളേക്കാൾ വൈകി 7 മണിക്കാണ് മകരവിളക്ക് ദർശിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ദർശനത്തിനുശേഷം ഭക്തർ വാഹനങ്ങൾ പാർക്കു ചെയ്ത് സ്ഥലത്തേക്കു തിരക്കുകൂട്ടി നീങ്ങുകയും അവിടെ പാർക്ക് ചെയ്ത ഒരു ഓട്ടോറിക്ഷ മറിയുകയും ഒരു സ്വകാര്യ ജീപ്പിൽ വന്നിടിക്കുകയും തീർത്ഥാടകർ ഇരുട്ടിലും, തിക്കിലും തിരക്കിലും പെട്ട് നിലത്തു വീണ് ചവിട്ടേറ്റ് മരിക്കുകയുമാണ് ഉണ്ടായതെന്നാണ് പ്രാഥമിക നിഗമനം. വിശദമായ അന്വേഷണത്തിലൂടെ മാത്രമേ മറ്റു കാര്യങ്ങളും കാരണങ്ങളും വ്യക്തമാവുകയുള്ളു.

(ബി&സി) ശബരിമല തീർത്ഥാടകരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സുരക്ഷിതത്വം ഉറപ്പാക്കാനും ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ആവർത്തിരിക്കാതിരിക്കാനും അടിയന്തരമായി എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നതു സംബന്ധിച്ച കാര്യങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നു. ഇക്കാര്യത്തിൽ ആലോചിക്കുന്നതിനായി ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ചന്ദ്രശേഖരമേനോൻ കമ്മീഷൻ റിപ്പോർട്ടിലെയും മാസ്റ്റർ പ്ലാനിലെയും കാതലായ കാര്യങ്ങൾ പഠിച്ച് വനം,പോലീസ് തുടങ്ങിയ വിവിധ വകുപ്പുകൾ ഒരു സമന്വയാഭിപ്രായം ഉണ്ടാക്കിയ ശേഷം വീണ്ടും യോഗം ചേരാനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ ഹൈപവർ കമ്മിറ്റിയുടെ കീഴിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

ശബരിമലയിലെ അടിസ്ഥാന സൗകര്യവികസനം

216(424) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്ത് ശബരിമലയിലെത്തുന്ന ഭക്തർക്കായി എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് പുതുതായി ഒരുക്കിയിരിക്കുന്നത് ;

(ബി) ശബരിമലയിലെത്തുന്ന ഭക്തരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള സ്ഥലത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇക്കഴിഞ്ഞ ശബരിമല സീസണിൽ പുതുതായി ഏർപ്പെടുത്തിയ അടിസ്ഥാന സൗകര്യങ്ങൾ താഴെ ചേർക്കുന്നു :

1. ശബരിമല ക്ഷേത്ര അനുബന്ധ കെട്ടിടങ്ങൾ,ഡോണർ ഹൗസുകൾ, പിൽഗ്രിം സെന്ററുകൾ തുടങ്ങിയ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയായി.

2. കുടിവെള്ള സംഭരണത്തിനായി ശബരിമലയിൽ 20 ലക്ഷം ലിറ്റർ ശേഷിയുള്ള 2 ടാങ്കുകൾ നിർമ്മിച്ചു.

3. ഖരമാലിന്യ നിർമ്മാർജ്ജനത്തിനായി ഇൻസിനറേറ്റുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ആവശ്യമായ സാങ്കേതിക ജീവനക്കാരെ നിയോഗിച്ച് മുടക്കം കൂടാതെ പ്രവർത്തിപ്പിച്ചു.

LIBRARY ARCHIVES Kerala Legislative Assembly